# ഇടത് സർക്കാർ എന്ന ഒന്ന് നിലവിലുണ്ടോ?

**അട്ടപ്പാടിയിലെ** പോലീസ് വെടിവയ്പ്പിന്റെ ചോരപുരണ്ട വാർത്തകളുമായാണ് ഇക്കഴിഞ്ഞ നവംബർ ഒന്നിന് ഐക്യ കേരളം 64-ാം വയസ്സിലേക്ക് കാൽവച്ചത്. ഇടതു സർക്കാർ അധികാരത്തിൽ വന്ന ശേഷം നടക്കുന്ന മൂന്നാമത്തെ കൊലപാതകം. സംസ്ഥാനം രൂപീകൃതമായ ശേഷം ഒരു സർക്കാരിന്റെ കാലത്ത് ഏറ്റവും കൂടുതൽ ഏറ്റുമുട്ടലുകൾ നടക്കുന്നതും കേരള ചരിത്രത്തിൽ ഇതാദ്യം. മൂന്ന് വർഷത്തിനിടെയുണ്ടായ മൂന്ന് ഏറ്റുമുട്ടലുകളിലായി വധിക്കപ്പെട്ടത് ഏഴു പേർ. എല്ലാവരും മാവോവാദികൾ. നിലമ്പൂരിൽ രണ്ടും വൈത്തിരിയിൽ ഒന്നും അട്ടപ്പാടിയിൽ നാലും എന്ന നിലയിൽ മാവോവാദികൾ കൊല്ലപ്പെട്ടത് ഏറ്റുമുട്ടലിലാണ് എന്ന വാദത്തിൽ ഉറച്ചുനിൽക്കുകയാണ് കേരളാ പോലീസും സംസ്ഥാന സർക്കാരും. മാവോയിസ്റ്റ് വേട്ടയ്ക്ക് നേതൃത്വം നൽകുന്ന തണ്ടർബോൾട്ട് അടക്കമുള്ള പോലീസ് സേനാംഗങ്ങൾ ഈ മൂന്ന് ഏറ്റുമുട്ടലുകളിലും സുരക്ഷിതരായിരുന്നു. ആർക്കും ഒരു പരിക്കുമില്ല. മാവോയിസ്റ്റുകൾ തിരിച്ചു വെടിവച്ചു എന്നതിന് തെളിവായി ഈ മൂന്നിടത്തുമുള്ളത് അന്തരീക്ഷത്തിൽ മുഴങ്ങിക്കേട്ട കുറച്ചു വെടിയൊച്ചകളുടെ അലയൊലികൾ മാത്രം. ഇരുകൂട്ടരും തമ്മിലുണ്ടാകുന്ന എതിരിടലിനെയാണ് സ്വാഭാവിക യുക്തിയിൽ 'ഏറ്റുമുട്ടൽ' എന്ന് വിശേഷിപ്പിക്കാൻ കഴിയുന്നത്. എന്നാൽ ഈ മൂന്ന് ഏറ്റുമുട്ടലുകളിലും അത്തരം എതിരിടലുകളുടെ സൂചനകൾ ഒട്ടുമുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. അതുകൊണ്ടുതന്നെയാണ് കീഴടക്കാൻ സാധിക്കുമായിരുന്ന, കീഴടങ്ങാൻ തയ്യാറായിരുന്ന മാവോയിസ്റ്റുകളെ ഏകപക്ഷീയമായി വെടിവച്ചുവീഴ്ത്തുകയാണ് തണ്ടർബോൾട്ട് ചെയ്തതെന്ന ആരോപണം ശക്തമാകുന്നത്. അട്ടപ്പാടിയിലെ ഏറ്റുമുട്ടലോടെ തണ്ടർബോൾട്ടിനെതിരായ ഈ ആരോപണം ശരിവയ്ക്കുന്നതരത്തിലുള്ള നിരവധി തെളിവുകൾ തദ്ദേശവാസികളും ജനപ്രതിനിധികളും ഭരണകക്ഷിയുടെ ഭാഗമായി നിൽക്കുന്ന സി.പി.ഐയുടെ രാഷ്ട്രീയ നേതൃത്വങ്ങളും അടക്കം പുറത്തുകൊണ്ടുവന്നിരിക്കുകയാണ്. കൊല്ലപ്പെട്ടവരുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളും ഏകപക്ഷീയമായ വെടിയുതിർക്കലാണെന്ന സൂചനയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

തീർച്ചയായും പോലീസ് വകുപ്പ് ഭരിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി പറയാൻ ബാധ്യസ്ഥനായ ആരോപണങ്ങളാണ് പരക്കെ ഉന്നയിക്കപ്പെടുന്നത്. എന്നാൽ നിലമ്പൂരിലും വൈത്തിരിയിലും ഏറ്റുമുട്ടൽ നടന്നപ്പോൾ ചെയ്തതുപോലെ മാവോവാദികളുടെ സാന്നിധ്യത്തെ പർവ്വതീകരിച്ച് പോലീസ് വെടിവയ്പ്പിനെ ന്യായീകരിക്കുന്നതിനുള്ള ശ്രമമാണ് പിണറായി ഇത്തവണയും ആവർത്തിച്ചത്. സി.പി.ഐ (മാവോയിസ്റ്റ്) എന്ന നിരോധിത സംഘടനയുടെ ഭാഗമായി പ്രവർത്തിക്കുന്ന മാവോയിസ്റ്റുകൾ തീർച്ചയായും ഇന്ത്യയിലെ നിലവിലെ ഭരണവ്യവസ്ഥയ്ക്കെതിരെ ഗറില്ല യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവർ തന്നെയാണ്. എന്നാൽ മാവോയിസ്റ്റുകളുടെ ഈ നീക്കങ്ങളെ പ്രതിരോധിക്കുന്നതിന്, ഭരണഘടനാധിഷ്ഠിതമായ ഒരു ജനാധിപത്യക്രമത്തിനുള്ളിൽ പ്രവർത്തിക്കുന്ന സർക്കാർ നിയമവ്യവസ്ഥയ്ക്ക് അനുസൃതമായി മാത്രമേ നടപടിയെടുക്കാൻ പാടുള്ളൂ. അതുകൊണ്ടുതന്നെ മാവോയിസ്റ്റുകളെ കീഴ്പ്പെടുത്തി നിയമത്തിന് മുന്നിലെത്തിച്ച്, അവരുടെ പേരിലുള്ള കുറ്റകൃത്യങ്ങളെ വിചാരണയിലേക്ക് കൊണ്ടുവന്ന് ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള അനന്തര നടപടികൾക്ക് അവരെ വിധേയമാക്കുകയാണ് ഒരു ജനാധിപത്യ സർക്കാർ ചെയ്യേണ്ടത്. അതിനുപകരം താരതമ്യേന ദുർബലരായ പശ്ചിമഘട്ട മേഖലയിലെ മാവോയിസ്റ്റുകൾക്ക് നേരെ ഏകപക്ഷീയമായി വെടിയുതിർക്കുന്നത് ഒരു ജനാധിപത്യ സർക്കാരിനെ സംബന്ധിച്ച് സമുചിതമായ നിലപാടല്ല. വലിയരീതിയിൽ മാവോയിസ്റ്റ് സാന്നിധ്യമുള്ള, ഇന്ത്യയിലെ 'റെഡ് കോറിഡോർ' എന്ന വിളിക്കപ്പെടുന്ന സൈനീകവത്കരിക്കപ്പെട്ട പ്രദേശങ്ങളിൽ പോലും ഇത്തരം ഏകപക്ഷീയമായ ഏറ്റുമുട്ടൽ കൊലകൾ ഇപ്പോൾ വിരളമാണ് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ വളരെ പരിമിതവും അശക്തവുമായ മാവോയിസ്റ്റ് സാന്നിധ്യത്തെ നേരിടാൻ ഏറ്റുമുട്ടൽ കൊലകളല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല എന്ന് തറപ്പിച്ച് പറയുന്ന മുഖ്യമന്ത്രിയുടെ നിലപാട് ഭരണകൂട ഭീകരതയുടെ ഒരു പാകപ്പെട്ട ലക്ഷണമായാണ് കാണേണ്ടത്. മുഖ്യമന്ത്രി മാത്രമല്ല, ബ്യൂറോക്രസിയുടെ തലവനായ ചീഫ് സെക്രട്ടറിയും മാവോയിസ്റ്റുകൾ മനുഷ്യാവകാശം അർഹിക്കുന്നില്ല എന്ന് തുറന്നെഴുതിക്കൊണ്ട് തോക്കു തന്നെയാണ് മറുപടിയെന്ന് വ്യക്തമാക്കുകയുണ്ടായി. ഔദ്യോഗിക പദവിയിൽ ഇരുന്ന് ചെയ്യാൻ പാടില്ലാത്ത, ചീഫ് സെക്രട്ടറി ടോം ജോസിന്റെ ഈ ഇടപെടലിൽ അദ്ദേഹത്തിനെതിരെ ഒരു നടപടിയും ഉണ്ടായില്ല എന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. മറിച്ചൊരു നിലപാട് മുഖ്യമന്ത്രിക്കും ഇല്ലല്ലോ.

ഇന്ത്യയിൽ ഇടതുപക്ഷം ഭരിക്കുന്ന ഏക സംസ്ഥാനമാണ് കേരളം. എന്നാൽ ഭരണത്തിൽ ഇടതുപക്ഷ നിലപാടുകൾ പ്രതിഫലിക്കുമെന്ന് കരുതിയവർക്ക് ഓരോ നിമിഷവും തിരിച്ചടികളുണ്ടായിക്കൊണ്ടിരിക്കുകയാണ്. പോലീസിനെ സൈനികവത്കരിച്ച് ഭരണം കാര്യക്ഷമമാണെന്ന് വരുത്തിത്തീർക്കുന്ന പിണറായിയുടെ നയത്തിൽ പ്രതിഫലിക്കുന്നത് തീവ്ര വലതുപക്ഷ-നവലിബറൽ ഭരണകൂടങ്ങളുടെ അതേ യുക്തിയാണ്. "വൻകിട ബൂർഷ്വാ-ഭൂപ്രഭു ഭരണകൂടത്തെ മാറ്റി തത്സ്ഥാനത്ത് തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള ഒരു ജനാധിപത്യ ഭരണകൂടത്തെ സ്ഥാപിക്കും'' എന്ന പാർട്ടി പരിപാടി ഇപ്പോഴും പിന്തുടരുന്ന, പാർലമെന്ററി ഇടപെടലുകളെ അടവുനയമായി മാത്രം പരിഗണിക്കുന്ന സി.പി.ഐ (എം) എന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു സർക്കാർ മാവോയിസ്റ്റുകളെ വെടിവച്ചുകൊല്ലേണ്ട തീവ്രവാദികളായി മാത്രം കാണുന്നത് വിരോധാഭാസമാണ്. ആ അയുക്തി സി.പി.എം നേതൃത്വം തിരിച്ചറിയുന്നില്ലെങ്കിലും പാർട്ടി അണികൾ പലയിടത്തും അതിനെ ചോദ്യം ചെയ്യാൻ മുന്നോട്ടുവന്നു. അതോടെ പരുങ്ങലിലായ സി.പി.എം, അണികൾക്കിടയിൽ നിന്നുണ്ടാകുന്ന പ്രതിഷേധത്തെ അടിച്ചമർത്താൻ വേണ്ടിയാണ് അലൻ, താഹ എന്നീ രണ്ട് സി.പി.എം പ്രവർത്തകരെ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്തതെന്ന് ന്യായമായും സംശയിക്കേണ്ടിരിക്കുന്നു. അവർക്കുമേൽ യു.എ.പി.എ ചുമത്തുക മാത്രമല്ല, ബി.ജെ.പി നേതൃത്വം മനുഷ്യാവകാശ പ്രവർത്തകരെ നിശബ്ദരാക്കാൻ വേണ്ടി പ്രയോഗിക്കുന്ന 'അർബൻ നക്സലൈറ്റ്' എന്ന പ്രയോഗം പിണറായി വിജയന്റെ പോലീസ് ഈ ചെറുപ്പാക്കാർക്കെതിരെ നടത്തുകയും ചെയ്തിരിക്കുന്നു. അവരുടെ ജാമ്യാപേക്ഷയെപ്പോലും എതിർത്ത് റിമാൻഡ് കാലാവധി നീട്ടിക്കൊണ്ടുപോകാനും തെളിവുകൾ കെട്ടിച്ചമയ്ക്കാനുമാണ് പോലീസ് ശ്രമിക്കുന്നതെന്ന് വ്യക്തം. വിമതസ്വരങ്ങളെ ഇത്തരത്തിൽ നേരിടുന്നതിലൂടെ എന്താണ് പിണറായി വിജയൻ ഉദ്ദേശിക്കുന്നത്? എന്തിനാണ് 'ഇടതു സർക്കാർ' എന്ന് ഇനിയും അദ്ദേഹത്തിന്റെ ഭരണത്തെ വിളിക്കുന്നത്? എല്ലാ നയങ്ങളിലും വലതുപക്ഷത്തോട് അത് താതാദ്മ്യം പ്രാപിച്ചിരിക്കുന്നു.■